## അവകാശലംഘന പ്രശ്നങ്ങൾ

## (I) പരിഗണനയിലിരിക്കുന്നവ

മി. സ്പീക്കർ: 1. പതിനഞ്ചാം കേരള നിയമസഭയുടെ മൂന്നാം സമ്മേളന കാലയളവിൽ 2021 ഒക്ടോബർ 7-ലെ ചോദ്യോത്തരവേളയിൽ നിയമസഭാ സാമാജികർ കരാറുകാരെ കൂട്ടി മന്ത്രിമാരെ കാണാൻ വരരുതെന്ന് ബഹുമാനപ്പെട്ട പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി മറുപടി നൽകുകയുണ്ടായെന്നും ഈ പരാമർശം നിയമസഭാംഗങ്ങളുടെ പ്രത്യേക അവകാശങ്ങളുടെ ലംഘനമാണെന്നും കാണിച്ച് ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) എം.എൽ.എ. നൽകിയ നോട്ടീസ്;

2. പതിനഞ്ചാം കേരള നിയമസഭയുടെ മൂന്നാം സമ്മേളന കാലയളവിൽ താൻ 2021 ഒക്ടോബർ 27-ന് ഉന്നയിച്ച നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന് വ്യക്തതയുള്ള മറുപടി നൽകാതിരുന്നത് ഒരു നിയമസഭാംഗമെന്ന നിലയിലുള്ള തന്റെ പ്രത്യേക അവകാശങ്ങളുടെ ലംഘനമാണെന്ന് കാണിച്ച് ശ്രീമതി കെ. കെ. രമ, എം.എൽ.എ. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കെതിരെ നൽകിയ നോട്ടീസ്.

3. പതിനഞ്ചാം കേരള നിയമസഭയുടെ മൂന്നാം സമ്മേളന കാലയളവിൽ 2021-ഒക്ടോബർ 28-ന് നിയമനിർമ്മാണവേളയിൽ, തന്നെ അവഹേളിക്കുന്ന തരത്തിൽ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഒരു പരാമർശം നടത്തിയെന്നും, പ്രസ്തുത പരാമർശം ഒരു സഭാംഗമെന്ന നിലയിലുള്ള തന്റെ അവകാശങ്ങളുടെ ലംഘനമാണെന്നും, കാണിച്ച് ശ്രീ. എച്ച്. സലാം, എം.എൽ.എ. നൽകിയ നോട്ടീസ്;

4. പതിനഞ്ചാം കേരള നിയമസഭയുടെ മൂന്നാം സമ്മേളന കാലയളവിൽ ലൈഫ് മിഷൻ സംബന്ധിച്ച അടിയന്തര പ്രമേയത്തിന്റെ ചർച്ചാവേളയിൽ സഭയെ തെറ്റിദ്ധരിപ്പിക്കുന്ന തരത്തിലുള്ള ഒരു പ്രസ്താവന നടത്തിയ ബഹുമാനപ്പെട്ട തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രിക്കെതിരെ അവകാശലംഘനത്തിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ. പി. സി. വിഷ്ണുനാഥ് എം.എൽ.എ നൽകിയ നോട്ടീസ്;

5. പതിനഞ്ചാം കേരള നിയമസഭയുടെ മൂന്നാം സമ്മേളന കാലയളവിൽ 2021 നവംബർ 1-ന് അടിയന്തരപ്രമേയത്തിന്റെ ചർച്ചാ വേളയിൽ ജലവിഭവ വകുപ്പുമന്ത്രി സഭയിൽ പറഞ്ഞ കാര്യത്തിൽനിന്നും ഭിന്നമായി

പൊതുജനത്തെ തെറ്റിദ്ധരിപ്പിക്കുന്ന തരത്തിൽ മാധ്യമങ്ങളോട് പ്രസ്താവന നടത്തിയത് സഭാംഗങ്ങൾക്കുള്ള പ്രത്യേക അവകാശങ്ങളുടെ ലംഘനമാണെന്ന് കാണിച്ച് ശ്രീ. പി. സി. വിഷ്ണുനാഥ്, എം.എൽ.എ ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിക്കെതിരെ നൽകിയ നോട്ടീസ് എന്നിവ ചെയറിന്റെ പരിഗണനയിലാണ്.

(II) <u>അനുമതി നിഷേധിച്ച അവകാശലംഘന പ്രശ്നങ്ങൾ</u>

തന്റെ മണ്ഡലത്തിലെ ഒരു വികസന പദ്ധതിയുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട പൊതുമരാമത്ത് വിനോദസഞ്ചാര വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട വനം-വന്യജീവി വകുപ്പുമന്ത്രി എന്നിവരുടെ നേതൃത്വത്തിൽ 2021 സെപ്റ്റംബർ 15-ന് വിളിച്ചു ചേർത്ത ഉന്നതതല യോഗത്തിൽ സ്ഥലം എം.എൽ.എ-യായ തന്നെ ക്ഷണിച്ചിരുന്നില്ലെന്നും, ആയത് ഒരു സഭാംഗമെന്ന നിലയിലുള്ള തന്റെ അവകാശങ്ങളുടെ ലംഘനമാണെന്നും, ആയതിനാൽ ബഹുമാനപ്പെട്ട മന്ത്രിമാർക്കെതിരെ അവകാശലംഘനത്തിന് നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ശ്രീ. സജീവ് ജോസഫ്, എം.എൽ.എ. ഒരു നോട്ടീസ് നൽകിയിരുന്നു. ചെയർ ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിമാരുടെ പ്രതികരണം ലഭ്യമാക്കുകയുണ്ടായി.

നോട്ടീസിലെ വിഷയങ്ങളും ബഹുമാനപ്പെട്ട മന്ത്രിമാരുടെ ഇത് സംബന്ധിച്ച മറുപടിയും ചെയർ പരിശോധിച്ചു. വിവിധ സർക്കാർ വകുപ്പുകളിലെ വികസന പദ്ധതിയുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥ തലത്തിൽ ഒരു പ്രാഥമിക ചർച്ച മാത്രമാണ് നടത്തിയതെന്നും അംഗത്തിന്റെ അവകാശങ്ങൾ ഒന്നും ലംഘിക്കപ്പെട്ടിട്ടില്ലെന്നും മറുപടികളിൽനിന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ അവകാശലംഘന നോട്ടീസിനുള്ള അനുമതി നിഷേധിക്കുന്നു.

(III) <u>പതിനാലാം കേരള നിയമസഭയുടെ പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റി പരിശോധന പൂർത്തിയാക്കാത്ത നോട്ടീസുകളിൻമേൽ പരിശോധന തുടരുവാൻ നിലവിലെ കമ്മിറ്റിക്ക് അനുവാദം നൽകുന്നത്</u>

പതിനാലാം കേരള നിയമസഭയുടെ പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റി പരിശോധന നടത്തിവന്നിരുന്ന അവകാശലംഘന നോട്ടീസുകളിൻമേൽ കമ്മിറ്റിയുടെ നടപടികൾ പൂർത്തിയാക്കാത്തതായ എൻഫോഴ്സ്മെന്റ് ഡയറക്ടർക്കെതിരെയും, കസ്റ്റംസ് പ്രിവന്റീവ് കമ്മീഷണർ ഉൾപ്പെടെയുള്ളവർക്കെതിരെയുമുള്ള രണ്ട് അവകാശലംഘന നോട്ടീസുകളുടെ പരിശോധന തുടർന്നും നടത്തുന്നതിന് അവസരമൊരുക്കണമെന്ന പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റിയുടെ ശിപാർശയുടെ

അടിസ്ഥാനത്തിൽ ആയതിന് അനുമതി നൽകിയിട്ടുണ്ട്.